പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4674. 13.11.2019 ൽ മറുപടിയ്ക്ക്

കള്ളിലെ മായം കണ്ടെത്തുന്നതിനുള്ള മാർഗ്ഗങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മുഹമ്മദ് മുഹസിൻ.പി | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കള്ളിലെ മായം കണ്ടെത്തുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കള്ളിലെ മായം കണ്ടെത്തുന്നതിന് എക്സൈസ് ഉദ്യോഗസ്ഥർ കള്ളിന്റെ സാമ്പിൾ എടുത്ത് രാസപരിശോധനയ്ക്ക് അയയ്ക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ദക്ഷിണ, ഉത്തര, മദ്ധ്യ മേഖലകളിൽ അനുവദിച്ചിട്ടുള്ള മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലാബ് വഴിയും കള്ളിന്റെ ഗുണ നിലവാര പരിശോധന നടത്തുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) | നിലവിലുള്ള പരിശോധനകൾ ഫലപ്രദമാണെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ കൂടുതൽ ഫലപ്രദമായ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | (ബി) | കള്ളിലെ മായം കണ്ടെത്തുന്നതിന് നിലവിലുള്ള പരിശോധനകൾ ഫലപ്രദമാണ്. |
| (സി) | ടോഡിബോർഡിന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ? | (സി) | കള്ളുവ്യവസായവുമായി ബന്ധപ്പെട്ട തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികളുടെ തൊഴിലും ജീവിതസുരക്ഷിതത്വവും സംരക്ഷിക്കുന്നതിനും ശുദ്ധമായ കള്ള് ചെത്തിയെടുക്കുന്നതിനുണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ട് പരിഹരിക്കുന്നതും ലക്ഷ്യമിട്ട് ടോഡി ബോർഡ് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ